കെ.എസ്.കെ.ടി.യു. നിലം നികത്തലിനെതിരെ നടത്തിയ സമരം

54 (710)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.കെ.ടി.യു. നിലം നികത്തലിനെതിരെ നടത്തിയ സമരത്തിൽ പോലീസ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഈ കേസ്സുകൾ ഏതെല്ലാം; ഏതു ദിവസങ്ങളിൽ എടുത്തു എന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസ്സിൽ ആരെല്ലാമാണ് പ്രതികൾ;

(ഡി) പ്രതികളിൽ ആരെയെല്ലാം അറസ്റ്റു ചെയ്തു എന്നും കേസ്സിന്റെ തുടർന്നുള്ള നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഇ) ഈ കേസ്സുകളുടെ കാര്യത്തിൽ കാലതാമസവും വീഴ്ചയും വന്നിട്ടുണ്ടെന്നുള്ള പരാതി ശരിയാണോ;

(എഫ്) അല്ലെങ്കിൽ രണ്ടുവർഷം കഴിഞ്ഞിട്ടും നിയമനടപടികൾ വൈകിപ്പോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 31 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ല.

1. പുളിക്കീഴ് പോലീസ് ക്രൈം 197/97 - 14.8.1997

ആലപ്പുഴ ജില്ല

കുത്തിയത്തോട് 183/97	4.8.1997
മാവേലിക്കര 342/97	31.07.1997
നൂറനാട് 255/97	1.8.97
നൂറനാട് 257/97	4.8.1997
വള്ളിക്കുന്നം 166/97	29.7.97
കുറത്തിക്കാട് 140/97	31.07.1997
കുറത്തിക്കാട് 141/97	2.8.1997
കുറത്തിക്കാട് 143/97	4.8.1997
കുറത്തിക്കാട് 144/97	4.8.97
ഹരിപ്പാട് 331/97	31.7.1997
കായംകുളം 624/97	31.7.1997
പുളിക്കുന്ന് 71/97	17.7.1997
പൂച്ചാക്കൽ 145/97	5.8.1997
മാന്നാർ 276/97	13.7.1997
മാന്നാർ 278/97	13.7.1997
മാന്നാർ 280/97	18.7.1997

LIBRARY ARCHIVES Kerala Legislative Assembly

നെടുമുടി 55/97	4.8.1997
നെടുമുടി 56/97	4.8.1997
നെടുമുടി 57/97	4.8.1997
നെടുമുടി 58/97	5.8.1997
ചെങ്ങന്നൂർ പി.എസ്. 297/97	18.5.1997
ചെങ്ങന്നൂർ പി.എസ് 402/97	6.7.97
ചെങ്ങന്നൂർ പി.എസ് 404/97	07.07.1997
ചെങ്ങന്നൂർ പി.എസ്. 415/97	14.7.1997
ചെങ്ങന്നൂർ പി.എസ്. 446/97	4.8.97
ചെങ്ങന്നൂർ പി.എസ്. 447/97	4.8.97
ചെങ്ങന്നൂർ പി.എസ് 448/97	4.8.97
കോട്ടയം ജില്ല	
ചിങ്ങവനം ക്രൈം 3/97	5.1.97
കണ്ണൂർ ജില്ല	
ഇരിക്കൂർ 165/96	21.11.96
ഇരിക്കൂർ 167/96	23.11.96

(സി)&(ഡി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ശരിയല്ല.

(എഫ്) എല്ലാ കേസ്സുകളുടെയും ചാർജ്ജ് ഷീറ്റ് ബന്ധപ്പെട്ട കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്.

വനിതാ ജീവനക്കാരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച കേസ്സുകൾ

55 (711)ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ ജോലി നോക്കുന്ന വനിതാ ജീവനക്കാരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) "വിശാഖാ വേഴ്സസ് സ്റ്റേറ്റ്" കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിശാഖാ വേഴ്സസ് സ്റ്റേറ്റ് കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിപ്രകാരം ഉദ്യോഗസ്ഥരായ വനിതകൾക്ക് ലഭിക്കുന്ന ആനുകൂല്യം മറ്റ് ഇതര തൊഴിൽ മേഖലയിൽ ജോലി നോക്കുന്ന സ്ത്രീകൾക്കുകൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly